# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1441

04.12.2014 - ൽ മറുപടിക്ക്

## പാലകുന്ന് - ചെമ്പ്രകാനം -കയ്യൂർ റോഡിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പാലകുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡിന്റെ കയ്യൂർ പാലം വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) പാലകുന്ന് - ചെമ്പ്രകാനം - കയ്യൂർ റോഡ് പ്രവൃത്തിയിൽ പ്രധാനമായും നിലവിലുള്ള റോഡ് വീതികൂട്ടി, കയറ്റം കുറയ്ക്കുക എന്നീ പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത്. സ്വകാര്യ വ്യക്തികളിൽ നിന്നും പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ലഭിക്കാതിരുന്നതിനാൽ കരാറുകാരന് പ്രവൃത്തികൾ തുടരുവാൻ സാധിച്ചിരുന്നില്ല. നിലവിലുള്ള നിരക്കിൽ പ്രവൃത്തി ചെയ്യുവാൻ താല്പര്യമില്ല എന്ന് കരാറുകാരൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, ടിയാനെ നഷ്ടോത്തരവാദിത്വത്തിൽ നിന്നൊഴിവാക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പൂർണ്ണമായും തകർന്ന ഈ റോഡിന് അനുവദിച്ച തുക ലാപ്സാകാതെ റോഡ് നിലവിലുള്ള തലത്തിൽതന്നെ പുനരുദ്ധരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവർത്തി തുടങ്ങുവാൻ കഴിയുകയുള്ളൂ |

സെക്ഷൻ ഓഫീസർ